LIBRARY ARCHIVES Kerala Legislative Assembly

കോവളം മണ്ഡലത്തിലെ ഗ്രാമീണ റോഡുകളെ പി.ഡബ്ല്യൂ.ഡി. റോഡുകളായി പ്രഖ്യാപിക്കുന്നതിന് നടപടി

40(2396) ശ്രീ. എം. വിൻസെന്റ്: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോവളം മണ്ഡലത്തിലെ കോവളം കെ.എസ്. റോഡ് -പടിഞ്ഞാറേ പൂങ്കുളം റോഡ്, കാക്കാമൂല-കാരിക്കുഴി - അമരവിള റോഡ്, പാലപ്പൂര് ബണ്ട്-കിരീടം പാലം- വെള്ളായണി ക്ഷേത്രം റോഡ്, ഊക്കോട്-വേവിള-ശാസ്താക്ഷേത്രം റോഡ്, പനയറക്കുന്ന്-ഇടുവ-പെരിങ്ങമ്മല- മംഗലത്ത്കോണം റോഡ്, ചൊവ്വര ക്ഷേത്രം റോഡ്, അവണാകുഴി-ആട്ടറമൂല- കട്ടച്ചൽകുഴി റോഡ്, പയറുംമൂട് -ശാന്തിപുരം-മുള്ളുമുക്ക്-നീലകേശി ക്ഷേത്രം-വെങ്ങാന്നൂർ റോഡ്, ചാണി-മുഴക്കോൽകുന്ന്-നെല്ലിക്കാക്കുഴി റോഡ്, കാഞ്ഞിരംകുളം-മൂന്നുമുക്ക്-നെല്ലിമൂട് റോഡ്, കല്ലമ്പലം-ആലുവിള-വില്ലിക്കുളം-കാറ്റാടിമുക്ക് റോഡ് എന്നീ ഗ്രാമീണ റോഡുകളെ പി.ഡബ്ല്യൂ.ഡി. റോഡുകളാക്കാൻ നടപടി സ്വീകരിക്കുമോ?

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ റോഡുകൾ ഏറ്റെടുക്കുന്ന വിഷയം സർക്കാർ പരിശോധിക്കുന്നതാണ്.

ഒരോടം പാലം-വൈലോങ്ങര ബൈപ്പാസ് നിർമ്മാണം

41(2397) ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട നിയോജകമണ്ഡലത്തിലെ ഒരോടം പാലം-വൈലോങ്ങര ബൈപ്പാസ് നിർമ്മാണവുമായി ബന്ധപ്പെട്ട് നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് ആർ.ബി.ഡി.സി.കെ. നാളിതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; ഇനി എന്തെല്ലാം നടപടികളാണ് പൂർത്തിയാക്കാനുള്ളത്; ആയത് അടിയന്തരമായി പൂർത്തിയാക്കുമോ;

&

(സി) പ്രവൃത്തിയുടെ പുരോഗതിക്കായി ആർ.ബി.ഡി.സി.കെ.-യ്ക്ക് എന്തെല്ലാം നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്; ദീർഘകാലമായി പുരോഗതി കൈവരിക്കാത്ത പ്രവൃത്തി എന്ന നിലയ്ക്ക് പ്രസ്തുത പ്രവൃത്തി സമയപരിധി നിശ്ചയിച്ച് പൂർത്തിയാക്കുന്നതിന് പ്രത്യേക നടപടികൾ സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

മലപ്പുറം ജില്ലയിലെ ഒരോടം പാലം വൈലോങ്ങര ബൈപ്പാസ് നിർമ്മാണം കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി 27-9-2016-ലെ സ.ഉ.(സാധാ) നമ്പർ 1324/2016/ പൊ.മ.വ. പ്രകാരം ആർ.ബി.ഡി.സി.കെ.-യെ എസ്.പി.വി. ആയി നിയമിച്ചു. പ്രസ്തുത പദ്ധതിയുടെ കൺസൾട്ടൻസിയായി കിറ്റ്കോയെ നിയമിക്കുകയും പദ്ധതിയുടെ വിശദമായ സാങ്കേതിക പഠനങ്ങൾക്കും സർവ്വേകൾക്കും ശേഷം കിറ്റ്കോ സമർപ്പിച്ച അലൈൻമെന്റ് ആർ.ബി.ഡി.സി.കെ. പരിശോധിച്ച് അംഗീകരിക്കുകയും ചെയ്തു. തുടർന്ന് ഈ അലൈൻമെന്റിന്റെ അടിസ്ഥാനത്തിൽ പദ്ധതിയുടെ ഡി.പി.ആർ. തയ്യാറാക്കുകയും കിഫ്ബിയിൽ നിന്ന് 12.62 കോടി രൂപയുടെ സാമ്പത്തികാനുമതി 22-5-2018-ൽ ലഭിക്കുകയും ചെയ്തു. പദ്ധതിക്കുവേണ്ടി ഭൂമി ഏറ്റെടുക്കുന്നതിനുള്ള വിജ്ഞാപനം 12-7-2018-ന് പ്രസിദ്ധീകരിക്കുകയും അതിർത്തി കല്ലുകൾ സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തികൾ ആരംഭിക്കുകയും ചെയ്തു. എന്നാൽ പദ്ധതി പ്രദേശത്തെ ഏതാനും ഭൂവുടമകൾ പദ്ധതിയുടെ അലൈൻമെന്റിൽ മാറ്റം വരുത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ റിട്ട് പെറ്റീഷൻ ഫയൽ ചെയ്ത സാഹചര്യത്തിൽ പദ്ധതിയുടെ മുന്നോട്ടുള്ള പ്രവർത്തനം താൽക്കാലികമായി നിർത്തിവച്ചിരിക്കുകയാണ്. ഭൂവുടമകളുടെ തർക്കങ്ങൾ പരിഹരിച്ചാൽ 18 മാസംകൊണ്ട് ഭൂമി ഏറ്റെടുക്കലും 12 മാസംകൊണ്ട് നിർമ്മാണപ്രവൃത്തികളും പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

കല്ല്യാശ്ശേരി മണ്ഡലത്തിലെ പൊതുമരാമത്ത് റോഡുകൾ

42(2398) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കല്ല്യാശ്ശേരി മണ്ഡലത്തിലെ പൊതുമരാമത്ത് റോഡുകൾ ഏതൊക്കെയാണെന്ന് അറിയിക്കുമോ; റോഡുകളുടെ ദൈർഘ്യം ഉൾപ്പെടെയുള്ള വിശദാംശം ലഭ്യമാക്കാമോ?

കല്ല്യാശ്ശേരി മണ്ഡലത്തിലെ പൊതുമരാമത്ത് നിരത്ത് വിഭാഗത്തിന് കീഴിൽ വരുന്ന റോഡുകളെ സംബന്ധിച്ച വിവരം അനുബന്ധം I* ആയി ചേർത്തിരിക്കുന്നു. പൊതുമരാമത്ത് വകുപ്പ് ദേശീയപാത കണ്ണൂർ വിഭാഗത്തിന് കീഴിൽ ദേശീയപാത 66-ൽ കി.മീ. 115/450 (പെരുമ്പ പാലം) മുതൽ 125/000 (പരിയാരം) വരെയും (9.55 കി.മീ.), കി.മീ 140/350 (കണ്ണപുരം-കെൽട്രോൺ നഗർ) മുതൽ 144/300 (കീച്ചേരി) വരെയും (3.95 കി.മീ.) ആണ് കല്ല്യാശ്ശേരി മണ്ഡലത്തിൽ ഉൾപ്പെടുന്നത്.

---

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.